കെ.എസ്.എ.കെ.ടി.എം പി2/1832/16 തീയതി: 21.12.16

# കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ

# 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**കോട്ടയം** ജില്ലയിലെ **തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.7.16 മുതൽ 17.11.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.4.16 മുതൽ 17.11.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി എം വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2016- 26.11.2016 |
| ഉദ്യോഗസ്ഥർ | ശ്രീ.ഷൈജു.എസ്, ഒ◌ാഡിറ്റ് ഒ◌ാഫീസർ (ഹ.ഗ്രേ)<br><br>ശ്രീ. മേരി ആൻഡ്രൂസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br><br>ശ്രീ.മനു എം,സീനിയർ ഗ്രേഡ് ഒ◌ാഡിറ്റർ<br><br>ശ്രീ.ആൽബിൻ സിറിയക്, ഒ◌ാഡിറ്റർ |

**<u>നിർവഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡൻറ്<br><br>അഡ്മിട്രേറ്റീവ് കമ്മിറ്റി | ശ്രീ.പ്രേംജി ആർ<br><br>ശ്രീമതി.ഇന്ദിര രാധാകൃഷ്ണൻ | 01.04.2015- 31.10.2015<br><br>01.11.2015- 11.11.2015 |

| | | |
|---|---|---|
| | | 12.11.2015-<br>31.03.2016 |
| സെക്രട്ടറി | ശ്രീ.പി എച്ച് സെൽമ<br>ശ്രീ.സുരേഷ് ബാബു പി<br>ശ്രീ.പയസ് ജെ വലിയവീട്ടിൽ<br>ശ്രീ.സുരേഷ് ബാബു പി | 01.04.2015-<br>23.07.2015<br>24.07.2015-<br>10.11.2015<br>11.11.2015-<br>28.11.2015<br>29.11.2015-<br>31.03.2016 |

**നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | വിനരാജ് ഡി<br>ചിത്ര എസ്<br>ജെയിംസ് ജോർജ് | 01.14.15 -18.05.15<br>19.05.15-07.10.15<br>08.10.15-31.03.16 |
| കൃഷി ഓഫീസർ | ഷെയ്സ് എസ് | 01.04.2015-<br>31.03.2016 |
| വി.ഇ.ഒ | അരുൺ പിള്ള | 01.04.2015 – |

| | | |
|---|---|---|
| | | 31.13.2016 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ഉഷാകുമാരി പി ജി | 01.04.2015 - 31.13.2016 |
| മെഡിക്കൽ ഓാഫീസർ, പി എച്ച് സി | ഡോ രാധിക വിജയൻ<br><br>ഡോ റ്റി എൻ സുരേന്ദ്രനാഥ്<br><br>ഡോ ഉദയ ഇമ്മാനുവേൽ | 01.04.2015-01.12.2015<br><br>02.12.2015-10.02.2016<br><br>11.02.2016-31.03.2016 |
| എച്ച് എം | കെ ജി സുജാത | 01.04.2015-31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.അജിൻ ജോസ് | 01.04.2015-31.03.2016 |
| മെഡിക്കൽ ഓാഫീസർ, ആയുർവേദം | ഡോ.സീനിയ പി കെ | 01.04.201531.03.2016 |

<u>**ഉള്ളടക്കം**</u>

| | |
|---|---|
| **ഭാഗം 1**<br><br>**പൊതു അവലോകനം** | ഖണ്ഡിക നമ്പർ |

| | |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| ക്ഷേമപദ്ധതികൾ | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| **ഭാഗം 2**<br><br>**വരവുകണക്കുകൾ** | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല | 2-2-1 |
| വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ | 2-2-2 |

| | |
|---|---|
| കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചത് മൂലം നഷ്ടം | |
| വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ചു | 2-2-3 |
| ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല | 2-2-4 |
| അനധികൃതകെട്ടിടനിർമ്മാണം ക്രമവത്കരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 2-3 |
| ഡി&ഒ ട്രേഡ് ലൈസൻസ് | 2-4 |
| ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു | 2-5 |
| **ഭാഗം 3**<br><br>**ചെലവുകണക്കുകൾ** | |
| മെഡിക്കൽ ഓഫീസർ ( ആയുർവേദം) നടപ്പാക്കിയ പ്രൊജക്ട് നം.10/2015-16 -ഇൻവോയിസ് പ്രകാരമുള്ള മരുന്നു മുഴുവനും ലഭ്യമാക്കിയില്ല | 3-1 |

| | |
|---|---|
| ഭവന നിർമ്മാണത്തിനു സ്ഥലം വാങ്ങൽ - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല - പഞ്ചായത്തിന് തുടർച്ചയായ പാഴ്ച്ചെലവ്. | 3-2 |
| ജില്ലാ പഞ്ചായത്ത് വിഹിതം തനത് ഫണ്ടിൽ അവശേഷിക്കുന്നു | 3-3 |
| മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-4 |
| **ഭാഗം 4**<br><br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് | 4-7 |

| | |
|---|---|
| ഖണ്ഡികകളുടെ വിശദാംശം | |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |



## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 12.03.2015തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5957064 | 9877524 | 3920460 | |
| വരവ് | 42521508 | 35433381 | | 7088127 |
| ആകെ | 48478572 | 45310905 | | 3167667 |
| ചെലവ് | 47834415 | 40358263 | | 7476152 |
| നീക്കിയിരിപ്പ് | 644157 | 4952642 | 4308485 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 07.07.2016 | --------------- | --------------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 25.11.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9877524.72 |
| വരവ് | 35433381 |
| ആകെ | 45310905 |
| ചെലവ് | 40358263 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 4952642.72 |

## 1-5 ഫണ്ട് വിനിയോഗം(വാർഷിക ധനകാര്യ പത്രിക പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1218157 | 4158919+727286 (ട്രാൻസ്ഫർ ക്രഡിറ്റ്) | 6104362 | 6104362 | 0 | 6104362 | 0 |
| വികസനഫണ്ട് എസ്.സി.പി. | 295060 | 1262000 | 1557060 | 1557060 | 0 | 1557060 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 50050 | 185050 | 235100 | 185050 | 50050 | 235100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2382 | 2342889 | 2345271 | 2345271 | 0 | 2345271 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 22443 | 2135705 | 2158148 | 2158148 | 0 | 2158148 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 646490 | 2477394 | 3123884 | 2985288 | 138596 | 3123884 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1776181 | 538640 | 2314821 | 1776181 | 538640 | 2314821 | 0 |

വാർഷിക ധനകാര്യപത്രികയിലെ RP-31 ഷെഡ്യൂളിൽ ഉൾപ്പെടുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥരുടെ റിക്വിസിഷൻ പ്രകാരം പിനവലിച്ച തുക മാത്രമാണ്. 2015-16 വർഷം ബജറ്റ് വിഹിതമായി സർക്കാർ അനുവദിച്ച തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ മാത്രം ഉൾപ്പെടുന്നു. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു

| **ഫണ്ടിനം** | **നീക്കിയിരിപ്പ്** |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1557140 |
| വികസനഫണ്ട് എസ്.സി.പി. | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2111 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 184295 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 103 | 23125236 | 92 | 18431700 | 7 | 4 | 89 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2015/DPC/DPO/KTM തീയതി 23.07.2016പ്രകാരം അംഗീകാരം ലഭിച്ചു.

**ഗ്രാമസഭകളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിലെ 2015-16 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരേണ്ടതാണ്. പഞ്ചായത്തിലെ 13 വാർഡുകളിലും അഞ്ച് മാസം കൂടുമ്പോഴാണ് ഗ്രാമസഭാ യോഗം ചേർന്നിട്ടുള്ളത്. ബഡ്ജറ്റ് നിർദേശങ്ങൾ, പദ്ധതി നിർദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള യോഗങ്ങൾ മാത്രമാകുന്നു.

ഗ്രാമസഭ കൃത്യമായി നടത്തുന്നതിനും(മൂന്ന് മാസത്തിലൊരിക്കൽ) ഗ്രാമസഭയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും, ക്വാറം തികയുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥർ, വി ഇ ഒ എന്നിവരെ ഗ്രാമസഭാ യോഗങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പദ്ധതികളുടേയും നിർദേശങ്ങൾക്ക് രൂപം നൽകുന്നതിനും

മുൻഗണന നിശ്ചയിക്കുന്നതിനും ഗ്രാമസഭകളെ പ്രാപ്തമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വാർഷിക പദ്ധതി- നേട്ടങ്ങളും, കോട്ടങ്ങളും**

**നേട്ടങ്ങൾ**

- ലഭ്യമായ വികസന ഫണ്ടിന്റെ 93 % വിനിയോഗിച്ചിരുന്നു.
- ഉദ്പാദന മേഖലയിൽ 13 പ്രോജക്ടുകൾ ആസൂത്രണം ചെയതതിൽ 12 എണ്ണം നടപ്പാക്കി 88 ശതമാനം തുക ചെലവഴിച്ചു.
- പശ്ചാത്തലമേഖലയിൽ ആസൂത്രണം ചെയ്ത 38 പ്രോജക്ടുകളും നടപ്പാക്കി

**കോട്ടങ്ങൾ**

- ആകെ 103 പ്രോജക്ടുകൾ മാത്രമേ ആസൂത്രണം ചെയ്യുവാൻ കഴിഞ്ഞുള്ളൂ.
- പനക്കപ്പാലം എസ് സി ഉൽപ്പന്ന വിതരണ കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞിട്ടില്ല.
- അറവു ശാലക്ക് സ്ഥലം വാങ്ങൽ, പൊതു ശ്മശാനത്തിനു സ്ഥലം വാങ്ങൽ, സീറോ വേസ്റ്റ് പ്രോഗ്രാം എന്നീ പ്രേജക്ടുകൾക്ക് തുക വകയിരുത്തിയെങ്കിലും നടപ്പാക്കാൻ കഴിഞ്ഞില്ല.

## 1-7 തനത് വരുമാനം

2014-15 വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്

| | | | | |
|---|---|---|---|---|

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2500160 | 2010726 | 489434 | (-)19.57 |
| നികുതിയേതര വരവുകൾ | 793493 | 371892 | 421601 | (-)53.13 |
| മറ്റുവരവുകൾ | 39420 | 91481 | 52061 | (+)132.06 |
| ആകെ | 3333073 | 2474099 | 858974 | (-)25.77 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 87120 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 922800 | 134 |
| വിധവാപെൻഷൻ | 2290400 | 294 |
| വാർദ്ധക്യകാലപെൻഷൻ | 3148200 | 652 |
| | | |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 725700 | 89 |
| അവിവാഹിത പെൻഷൻ | 133600 | 23 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 28063 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

കൃത്യമായ ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ വിവിധ സെക്ഷനുകൾക്ക് ചുമതലകൾ കൈമാറിയിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥരുടെ റിക്വസിഷനുകളുടേയും അലോട്ട്മെൻറ് ലെറ്ററുകളുടേയും അടിസ്ഥാനത്തിൽ ആണ് ഫണ്ടുകൾ കൈമാറുന്നത്. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ ക്രമമായി അനുബന്ധരേഖകൾക്കൊപ്പം സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 24.11.16 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2006 | 2001-02-2005-06 | LBA(HQ)/8A1000/415, 21.07.2006 |

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റ് വേളയിൽ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ബി- 15 ഷെഡ്യൂളിലെ വസ്തുനികുതി - തൻവർഷ, കുടിശ്ശിക കണക്കുകൾ കൃത്യമല്ല.

3. വികസന ഫണ്ട് ജനറൽ- ക്യാപിറ്റൽ(320200101), ഫിനാൻസ് കമ്മീഷൻ അവാർഡ്(320200104) എന്നിവയുടെ കൺസോളിഡേറ്റഡ് ഫണ്ടിലെ വരവ് ചെലവ് (RP-31 പ്രകാരം), അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി

പൊരുത്തപ്പെടുന്നില്ല.

4. ബാലൻസ് ഷീറ്റ്, ബി-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

| ശീർഷകം | തുക |
|---|---|
| 350200114- Recoveries Payable- Income Tax Deducted at Source- Salaries | 6816 |
| 350200202- Recoveries payable- VAT | 9779 |

## 2-2-1 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല

1993-94 ലെ അസസ്മെന്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പുനർനിർണ്ണയം പൂർത്തിയായിട്ടില്ല. 1993-94 ലെ അസ്സെന്റ് പ്രകാരം 8 വാർഡുകളിലായുള്ള 3905 കെട്ടിടങ്ങളിൽ 3768 കെട്ടിടങ്ങളുടെ വിവരശേഖരണം സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കി, ഫോറം 6, ഡിമാന്റ് നോട്ടീസ് ജനറേറ്റ് ചെയ്തിട്ടുണ്ട്. ഇതോടൊപ്പം സാംഖ്യയിലെ വസ്തുനികുതിയുടെ രസീതുകളെ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

## 2-2-2 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചത് മൂലം നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ഥ ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ്. എന്നാൽ പഞ്ചായത്തിൽ മുഹമ്മദ് ഹാറൂൺ, പുതുപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 100ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കു ബാധകമായ ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. നേരിട്ടു പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ ഉൾഭാഗം പ്രത്യേകം വേർതിരിച്ചിട്ടില്ലാത്തതും, ഗുഡ് വിൽ ഹോംസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതുമാണെന്ന് കണ്ടു. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം (2.1.12 ലെ എ4/3439/11 നമ്പർ പ്രകാരം) 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് ,വിലാസം | വാർഡ്/ കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി(അടിസ്ഥാന നികുതി ച..മീറ്ററിന് 40/-രൂപ, റോഡ് തരം വർദ്ധനവ് 20%) | നിർണയിക്കേണ്ട നികുതി(അടിസ്ഥാന നികുതി ച..മീറ്ററിന് 60/- രൂപ, റോഡ് തരം വർദ്ധനവ് 20%) |
|---|---|---|---|---|
| മുഹമ്മദ് | XII/G | 15.94 | 766 | 7918 |
| | | | | |

| | | | | |
|---|---|---|---|---|
| ഹാറൂൺ, പുതുപ്പറമ്പിൽ | XII/H | 15.99 | 768 | |
| | XII/I | 16.02 | 769 | |
| | XII/J | 16.06 | 771 | |
| | XII/K | 16.09 | 773 | |
| | XII/L | 29.87 | 1434 | |
| ആകെ | | 109.97 | 5281 | 7918 |

പ്രത്യേകം നമ്പരിങ്ങ് നടത്തിയതുമൂലമുണ്ടായ വരുമാനനഷ്ടം പ്രതിവർഷം 2637 രൂപയാണ് (7918-5281). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8), വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2-3 വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ചു

തലപ്പലം ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പരിശോധന നടത്തിയതിൽ, ജി.ഒ.(പി)/20/2011 തസ്വഭവ, 14.01.2011, ജി.ഒ.(പി)88/2013 തസ്വഭവ, 13.03.2013 എന്നിവയുടെ അടിസ്ഥാനത്തിൽ 1993-94 വർഷത്തെ അസസ്മെന്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചപ്പോൾ 2015-16 വർഷം പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിനനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിച്ചില്ലായെന്നു കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ | കെട്ടിട നം., | വ്യാപാരിയുടെ | വിസ്തീർണ്ണം | നിലവിലുള്ള | പുനർനിർണ്ണയിച്ച | പുനർനിർണ്ണ | കുറവ് |
|---|---|---|---|---|---|---|---|

| നം | കെട്ടിട ഉടമയുടെ പേര് | പേര്, വ്യാപാര സ്ഥാപനം | (ച.മീ.) | വസ്തുനികുതി (രൂപ) | വാർഷിക വസ്തുനികുതി (ഫോറം 6 പ്രകാരം) | യിക്കേണ്ട നികുതി | |
|---|---|---|---|---|---|---|---|
| 1 | സി എം സുലൈമാൻ, ചിറപ്പുല്ലിവീട്ടിൽ | ബെന്നി ജോൺ, സൂര്യ ഹോട്ടൽ | 111 | 5328 | 5062, ച.മീറ്ററിന് 40 രൂപ, വാണിജ്യാ വശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 8392, ച.മീറ്ററിന് 60 രൂപ,വാണിജ്യാ വശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ | 3330 |
| 3 | തോമസ് സെബാസ്റ്റ്യൻ, മണിയാക്കുപാറ | തോമസ് സെബാസ്റ്റ്യൻ, കൈരളി മാർബിൾസ് | 230.84 | 4860 | 6075, ച.മീറ്ററിന് 6 രൂപ, പാർപ്പിടാവശ്യം | 9720- വാണിജ്യാവശ്യ ത്തിനുള്ള കെട്ടിടത്തിനുള്ള പരമാവധി വർദ്ധനവ് 100 ശതമാനം | 3645 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5) വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2-4 ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല

2015- 16 വർഷം നികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിന് അതിന്റെ യഥാർത്ഥ ഉപയോഗ ക്രമത്തിനനുസരിച്ചല്ല വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ, ഉടമയുടെ പേര് | വ്യാപാരിയുടെ പേര്, വ്യാപാരസ്ഥാപനം | വിസ്തീർണ്ണം ( ച . മീറ്ററിൽ) | നിർണ്ണയിച്ച നികുതി(രൂപ) (ഫോറം 6 പ്രകാരം) | നികുതി നിർണ്ണയിക്കേണ്ടത് (രൂപ) | നഷ്ടം |
|---|---|---|---|---|---|
| VII/ 4 ബി, സന്തോഷ് എം ഫിലിപ്പ് | ചുമ്മാർ സി വട്ടപ്പലം, ഹൈ ടെക് ഓട്ടോമൊബൈൽസ്- ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് | 144.64 | 2397- ച.മീറ്ററിന് 15 രൂപ, മേൽക്കൂര ഇളവ് 10%, വഴി സൗകര്യം വർദ്ധനവ് 20% | 7955-ച.മീറ്ററിന് 50 രൂപ, മേൽക്കൂര ഇളവ് 10%, വഴി സൗകര്യം വർദ്ധനവ് 20% | 5558 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6) വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 അനധികൃതകെട്ടിടനിർമ്മാണം ക്രമവത്കരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ മുഹമ്മദ് ഹാറൂൺ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 127 എൽ മുതൽ ജി വരെ നമ്പരുകളിലായുള്ള മുറികളുടെ മുകളിലത്തെ നിലയിൽ ടിയാൾക്ക് ഇബ്രാഹിം, കണ്ടത്തിൽ, സഫിയ നൂറുദ്ദീൻ, എം എ

നൗഫൽ എന്നിവരോടൊപ്പമുള്ള ജോയിന്റ് ആപ്ലിക്കേഷൻ പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റ് 09.12.2014 ൽ നൽകിയിരുന്നു(ആകെ 400.12 ച മീറ്റർ- പെർമിറ്റ് നം.എ 4-3399/2014). സ്ഥലപരിശോധനയിൽ ടി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും എന്നാൽ മുഹമ്മദ് ഹാറൂണിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടഭാഗത്തിനു മാത്രം വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ലായെന്നും എന്നാൽ ഈ ഭാഗം ടിയാന്റെ ഉടമസ്ഥതയിലുള്ള ഗുഡ് വിൽ ഹോംസ് എന്ന സ്ഥാപനത്തിന്റെ രണ്ടാം നിലയായി ഉപയോഗിക്കുന്നതായും കണ്ടു. കൂടാതെ ഈ ഭാഗത്തിന്റെ മുകൾനിലയിൽ കെട്ടിടനിർമ്മാണത്തിന് അനുമതിയില്ലാത്ത ഭാഗം ഷീറ്റുപയോഗിച്ച് മറച്ചുകൊണ്ട് പ്രസ്തുത സ്ഥാപനത്തിന്റെ ഗോഡൗണായി ഉപയോഗിക്കുന്നുമുണ്ട്. ടിയാൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഭാഗത്തിന് വസ്തുനികുതി നിർണ്ണയിക്കേണ്ടതും അനുമതിയില്ലാതെ നിർമ്മാണം നടത്തിയിട്ടുള്ള ഭാഗം ക്രമവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-4 ഡി&ഒ ട്രേഡ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ നിന്നും ഡി&ഒ ട്രേഡ് ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷം കുറവാണ്. 2014-15 വർഷം 188 സ്ഥാപനങ്ങളും, 2015-16 വർഷം 170 സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട്. ഇത് ഗണ്യമായ വരുമാന നഷ്ടമുണ്ടാക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും, എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃതനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-5 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു

തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖയിൽ (അക്കൗണ്ട് നം.0123000004353) നിലവിൽ ഇടപാടൊന്നുമില്ല. ആയതിനാൽ ടി അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പുള്ള 1005 രൂപ നിശ്ചിതശീർഷകത്തിൽ

തിരിച്ചടയ്ക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മെഡിക്കൽ ഓഫീസർ ( ആയുർവേദം) നടപ്പാക്കിയ പ്രൊജക്ട് നം.10/2015-16 -ഇൻവോയിസ് പ്രകാരമുള്ള മരുന്നു മുഴുവനും ലഭ്യമാക്കിയില്ല.

അടങ്കൽ - 4,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 4,00,000 (ബിൽ നം. 01/15-16, 28.09.2015- 22,443 , ബിൽ നം. 02/15-16, 29.09.2015- 3,77,557)

പ്രൊജക്ട് നം.10/2015-16 പ്രകാരം ആയുർവ്വേദ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധി , ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (എം & എം) കേരള ലിമിറ്റഡ്ന് 4,00,000രൂപ നൽകിയിട്ടുണ്ട്. 31/12/15 തിയതിയിലെ ഇൻവോയിസ് നം 2609 പ്രകാരം (ഇന്റന്ഡ് നം 2176/15-16) ലഭിച്ച മരുന്നുകളിൽ താഴെ കൊടുത്തിരിക്കുന്നവ ലഭ്യമായിട്ടില്ല.

| മരുന്നിന്റെ പേര് | യൂണിറ്റ് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| ദുർദ്ദൂരപത്രാദി കോ ഓയിൽ | 450 മി.ലി | 24 | 186 | 4464 |

ഔഷധിയുമായി ബന്ധപ്പെട്ട് മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവായ 4464 രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 3തിയതി 24/11/15) മറുപടി ലഭ്യമാക്കിയില്ല.

### 3-2 ഭവന നിർമ്മാണത്തിനു സ്ഥലം വാങ്ങൽ - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല

തൻവർഷം ഗ്രാമവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവനനിർമാണത്തിന് സ്ഥലം വാങ്ങൽ (വനിത) പദ്ധതിയിൽ ഉൾപ്പെടുത്തി 4 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിൻറെ നം./ പേര് | ധനസഹായം ലഭിച്ചവരുടെ എണ്ണം | ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| 13/16 - ഭവനനിർമ്മാണത്തിനു സ്ഥലം വാങ്ങൽ (വനിത)-ജനറൽ | 3 | വികസനഫണ്ട് പൊതുവിഭാഗം | 300000- | 300000- |
| 14/16 " " - എസ്.സി. | 1 | എസ്.സി.പി. | 100000- | 100000- |

ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ 3സെൻറ് വീതം വസ്തു വാങ്ങിയതല്ലാതെ ഭവനനിർമാണത്തിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച് പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം ധനസഹായം നല്കുന്ന ഗുണഭോക്താക്കൾക്ക് പുനരധിവാസ പദ്ധതികളിൽപ്പെടുത്തി തുടർവർഷം മുൻഗണന നല്കി ഭവനനിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് അടിന്തിരനടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 ജില്ലാ പഞ്ചായത്ത് വിഹിതം തനത് ഫണ്ടിൽ അവശേഷിക്കുന്നു

പട്ടികജാതി വനിതാ ഉത്പന്ന വിതരണ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി 2011-12 വർഷം മുതൽ ലഭിച്ചിട്ടുള്ള ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ബാക്കിയുള്ള 80,155 രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയായതിനാൽ പ്രസ്തുത തുക നിശ്ചിത ശീർഷകത്തിൽ തിരികെ അടവാക്കേണ്ടതാണ്.

## 3-4 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**2015-16** സാമ്പത്തികവർഷം **1665** പേർക്ക് തൊഴിൽകാർഡ് നൽകി. **724** കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. ലേബർ ബഡ്ജറ്റ് പ്രകാരം **99** പദ്ധതികൾ വിഭാവനം ചെയ്തതിൽ **88** പദ്ധതികൾ പൂർത്തീകരിക്കുകയും **26504** തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കിണർ റീച്ചാർജിംഗ്, നീർത്തട വികസനം, തോടിന് ആഴം കൂട്ടൽ, ഐ എ വൈ ഭവന നിർമ്മാണം തുടങ്ങിയ പ്രവൃത്തികളായിരുന്നു പ്രധാനമായും നടപ്പാക്കിയത്. പദ്ധതി പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 59 |
| വരവ് | 5029435 |
| ആകെ | 5029494 |
| ചെലവ് | 5029289 |
| നീക്കിയിരിപ്പ് | 205 |

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**ഇല്ല**

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

**ഇല്ല**

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**ഇല്ല**

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ചെലവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 50694 |
| തൻവർഷം നിക്ഷേപിച്ച തുക | 2030 |
| ആകെ | 52724 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 52724 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖ | 52724 |
| | |

| | |
|---|---|
| ആകെ | 52724 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28760 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2013-14 | 2-3(ബി) | 1000 | റെൻസീന ബിജു,ഹിമ മിൽക്സ് | 11504100972, 06.11.2015 |
| 2013-14 | 2-3(ബി) | 200 | എ വി ജോസഫ്, അരയത്തിനാൽ | 11504100975, 11.11.2015 |
| 2013-14 | 2-3(ബി) | 1500 | അബ്ദുൾ ജബ്ബാർ കെ കെ, കെ കെ ഫ്ലവർ മിൽ | 11504100778, 11.11.2015 |
| 2013-14 | 2-3(ബി) | 2490 | ഇ എ റഹിയാനത്ത് ബീവി, അജ്മീർ ഫ്ലോർ മിൽ | 11504100933, 06.11.2015 |

| | | | | |
|---|---|---|---|---|
| 2013-14 | 2-3(ബി) | 670 | കെ കെ അബ്ദുൾ ഖാദർ | 11504100920, 06.11.2015 |
| 2013-14 | 2-3(ബി) | 1000 | ജിൻസ്റ്റോൻ ജോസ്, തട്ടാംപറമ്ബിൽ സോമിൽ | 52/12124, 29.03.2016 |
| 2013-14 | 2-3(ബി) | 1900 | സുബാഷ് ജോർജ്, വലിയമംഗലം സോമിൽ | 11504100707, 03.10.2015 |
| 2013-14 | 2-4(സി) | 5000 | തലപ്പലം സർവീസ് സഹകരണ ബാങ്ക്, നരിയങ്ങാനം ശാഖ | 11504102199, 31.03.2016 |
| 2013-14 | 2-4(സി) | 5000 | തലപ്പലം സർവീസ് സഹകരണ ബാങ്ക്, കളത്തുക്കടവ് ശാഖ | 11504102201, 31.03.2016 |

| | | | | |
|---|---|---|---|---|
| 2013-14 | 2-4(സി) | 5000 | തലപ്പലം സർവീസ് സഹകരണ ബാങ്ക്, അരുവിത്തുറ കോളേജ് പടി ശാഖ | 11504102197, 31.03.2016 |
| 2013-14 | 2-4(സി) | 5000 | ഹോളിഫാമിലി ഹോസ്പിറ്റൽ, പ്ലാശ്ശനാൽ | 11504101045, 31.11.2015 |
| ആകെ | | 28760 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45310905.72 (മുന്നിരിപ്പ് ഉൾപ്പെടെ) |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40358263 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4464 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4464 | ഡോ.സീനിയ പി കെ, മെിക്കൽ ഓഫീസർ, ആയുർവ്വേദം |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽനിന്നും നടത്തിയ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 98-99 ചെലവ് | എൽ.എഫ്.കെ.പി.2-196/98 തീ, 17.06.2000/04.07.2000 | - |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.2-257/അദാ./14(2) തീ.08.01.15 | 2 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി.7/925/04/04.03.05 | - |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/1087/07/25.09.08 | - |
| 2004-05 | എൽ.എഫ്.കെ.പി.2-1252(എ)/2014(2) തീ.01.08.15 | - |
| 2005-06 | എൽ.എഫ്.കെ.പി.2-1252(എ)14(3), 07.08.15 | 3 |
| 2006-07 | എൽ.എഫ്.കെ.പി.2-1252(എ)2014(4), 06.08.15 | 2 |
| 2007-08 | എൽ.എഫ്.കെ.പി.2-338/15, 06.07.15 | 7 |
| 2008-09 | എൽ.എഫ്.കെ.പി.2-374/15, 28.05.15 | 4 |
| 2009-10 | എൽ.എഫ്.കെ.പി.2-375/15, 06.07.15 | 3 |
| 10-11, 11-12 | എൽ.എഫ്.കെ.പി.2-339/15, 06.07.15 | 8 |
| 2012-13, 13-14 | എൽ.എഫ്.കെ.പി.2-1562/15, 06.02.16 | 21 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.2-1131/2016, 04.08.16 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഒ◌ാഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.ടി.എം പി2/1832/16 തീയതിഃ21.12.16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **തലപ്പലം** ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തലപ്പലം** ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം